**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1601** **16-10-2026-ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ കായിക വികസന പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കായിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വിവിധ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

**മറുപടി:** മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കായിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വിവിധ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** മൊഗ്രാൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ മൂന്ന് കോടി രൂപ ചെലവിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്റ്റേഡിയം പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** മൊഗ്രാൽ ജി.വി.എച്ച്. എസ്., സ്കൂളിലെ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്ക് നിലവിൽ ഭരണാനുമതി ലഭിച്ചിട്ടില്ല.

**(സി)** പ്രസ്തുത സ്റ്റേഡിയനിർമ്മാണത്തിന് ഇതുവരെ ഭരണാനുമതി ലഭ്യമായിട്ടില്ലെങ്കിൽ ആയത് എപ്പോൾ ലഭ്യമാകും; ഇതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

**മറുപടി:** മൊഗ്രാൽ ജി.വി.എച്ച്.എസ് സ്കൂളിലെ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്കായി 300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് ആയത് പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**